# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 16 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


---

### അയ്യപ്പൻമാർക്കായി ചെങ്ങന്നൂരിൽ 18.77 കോടി രൂപയുടെ വികസന പ്രവർത്തനം നടത്തും : ദേവസ്വം പ്രസിഡന്റ് എ പത്മകുമാർ

ഏറിയ പങ്ക് അയ്യപ്പന്മാരും എത്തിച്ചേരുന്ന ചെങ്ങന്നൂരിൽ 18 കോടിരൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുമെന്ന് ദേവസ്വം പ്രസിഡന്റ് എ പത്മകുമാർ പറഞ്ഞു. സന്നിധാനത്ത് വകുപ്പ് തല അവലോകന യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ദേവസ്വം ബോർഡ് 9.77 കോടി രൂപയും കിഫ്ബിയിലൂടെ 9 കോടി രൂപയും ചെങ്ങന്നൂരിലെ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കും. അയ്യപ്പൻമാർക്ക് വിരിവയ്ക്കാനും പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാനും സൗജന്യ ഭക്ഷണത്തിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തും. ചെങ്ങന്നൂർ മുതൽ പമ്പ വരെയുള്ള ക്ഷേത്രങ്ങളിലും, മു ക്കയം ,എരുമേലി മുതൽ പമ്പ വരെയുമുള്ള ക്ഷേത്രങ്ങളിലും ഇതിന്റെ ഭാഗമായി വികസന പ്രവർത്തനങ്ങൾ നടക്കും. കൂടാതെ അയ്യപ്പൻമാർ കൂടുതലെത്തുന്ന കോട്ടയം ജില്ലയിലും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തും.

ഹിൽ ടോപ്പിൽ നിന്ന് ഗണപതിക്കോവിലിലേക്കുള്ള പുതിയ പാലത്തിന്റെ നിർമാണം ഉടൻ ആരംഭിക്കും. വരുന്ന മാർച്ച് മാസത്തിന് മുൻപായി പാലത്തിന്റെ നിർമാണം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

അരവണയുടെ പേരിൽ തെറ്റായ പ്രചരണം നടത്തുന്നവർക്കെതിരെ നിയമ നടപടികളുമായി ദേവസ്വം ബോർഡ് മുൻപോട്ട് പോകും. തെറ്റായ പ്രചരണത്തിൽ ശബരിമല മേൽനോട്ടത്തിനായി ഹൈക്കോടതി നിയോഗിച്ച നിരീക്ഷണ സമിതി ഇടപെടണം എന്നും പത്മകുമാർ പറഞ്ഞു. ദേവസ്വം ബോർഡിന്റെ കീഴിലുള്ള 1257 ക്ഷേത്രങ്ങളുടെ നാശം ആഗ്രഹിക്കുന്നവരാണ് വിവാദങ്ങൾക്ക് പിന്നിൽ. ദേവസ്വം ബോർഡിന്റെ നയാ പൈസ സംസ്ഥാന സർക്കാർ കൊ ുപോകുന്നില്ലെന്ന് മാത്രമല്ല 200 കോടി രൂപയോളം ഈ സീസണിൽ ശബരിമലിയുടെ വികസനത്തിനായി സർക്കാർ ഈ മണ്ഡല കാലത്ത് ചെലവാക്കിയിട്ടുെ ന്നും പ്രസിഡന്റ് പറഞ്ഞു.

(പി.ആർ. ശബരി-311)

## കെ എസ് ആർ ടിയുടെ സംസ്ഥാനാന്തര ബസ് സർവീസുകൾ ആരംഭിച്ചു

പമ്പയിൽ നിന്നും വിവിധ സംസ്ഥാനങ്ങളിലേക്കുള്ള കെ എസ് ആർ ടി സി യുടെ ബസ് സർവീസുകൾക്ക് ഇന്ന് തുടക്കമായി. തെങ്കാശി, കോയമ്പ ത്തൂർ, പളനി ചെന്നൈ എന്നിവിടങ്ങളിലേക്കുള്ള ബസുകളുടെ സർവീസുക ളാണ് തുടങ്ങിയത്. രാവിലെ ഏഴിനും എട്ടിനുമാണ് തെങ്കാശിലേക്കുള്ള ബ സ്. 216 രൂപയാണ് തെങ്കാശിയിലേക്കുള്ള ബസ് ചാർജ്, ആകെ നാല് ബസു കളാണ് തെങ്കാശിയിലേക്ക് ഉള്ളത്. പുലർച്ചെ 7.30 നും ഉച്ചക്ക് 2.45 നുമാണ് കോയമ്പത്തൂരിലേക്കുള്ള ബസ്, 391 രൂപയാണ് ബസ് ചാർജ്. പളനിയിലേ ക്ക് ഏഴിനും എട്ടിനും ബസു ്. 374 രൂപയാണ് പളനിയിലേക്ക്. രാത്രി ഏഴി ന് അതത് പ്രദേശങ്ങളിൽ നിന്നും തിരിച്ച് പമ്പയിലേക്കുള്ള ബസ് സർവീസ് ഉ ായിരിക്കും. ഇതിന് പുറമേ ചെന്നൈ, ബാംഗ്ലൂർ, കമ്പം തേനി റൂട്ടുക ളിലേക്കും ബസ് സർവീസുകൾ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ആ യിക്കഴിഞ്ഞു.

(പി.ആർ. ശബരി-312)

## ശബരിമലയിൽ ഭക്തജനത്തിരക്കേറുന്നു

ശബരിമല മണ്ഡല മഹോത്സവം അവസാനിക്കാൻ പത്തു ദിവസം ശേഷിക്കേ സന്നിധാനത്ത് വൻ ഭക്തജനത്തിരക്ക്. ഓരോ ദിവസവും പതിനായിരക്കണക്കിന് അയ്യപ്പന്മാരുടെ വർധനവണ്ടാകുന്നതെന്ന് പമ്പാ പോലീസ് കൺട്രോൾ റൂം രേഖപ്പെടുത്തുന്നു.നിർമ്മാല്യം മുതൽ ഉഷപൂജ സമയം വരെയാണ് വലിയ ഭക്തജനത്തിരക്ക് അനുഭവപ്പെടുന്നത്.
വെളുപ്പിന് ര ിനും പത്തിനുമിടയിലാണ് അയ്യപ്പന്മാരുടെ തിരക്ക് തുടങ്ങുക. പരമാവധി എത്തുന്നത് രാവിലെ അഞ്ചിനും പത്തിനുമിടയിലാണ്. ഏറ്റവും

കുറവ് അനുഭവപ്പെടുന്നത് വൈകുന്നേരം ആറിനും പന്ത്ര ിനും ഇടയിലാണ്.ഇന്നലെ മാത്രം എത്തിയത് 60478 പേരാണ്.

മണ്ഡല ഉത്സവ സമാപനത്തിനു മുന്നോടിയായുള്ള തങ്ക അങ്കി ഘോഷയാത്ര 23ന് ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്ന് പുറപ്പെടും.26 ന് ഉച്ചയ്ക്ക് പമ്പയിൽ എത്തുന്ന ഘോഷയാത്ര വൈകുന്നേരത്തോടെ സന്നിധാനത്തെത്തും. 27 ന് ഉച്ചയ്ക്ക് തങ്ക അങ്കി ചാർത്തി ദീപാരാധന നടത്തും. അന്ന് രാത്രി പത്തിന് നട അടയക്കും. മകരവിളക്ക് ഉത്സവത്തിനായി 30 ന് വൈകുന്നേരം അഞ്ചിന് നടതുറക്കും.
മണ്ഡലകാല ഉത്സവം തീരാൻ ദിവസങ്ങൾ മാത്രം ശേഷിക്കെ വരും നാളുകളിൽ തീർത്ഥാടകരുടെ എണ്ണം വർധിക്കാനാണ് സാധ്യത.

(പി.ആർ. ശബരി-313)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(17.12.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

(പി.ആർ. ശബരി-314)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 16 | 2018 |
| --- | --- | --- |

## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


## ശബരിമല: നിരോധനാജ്ഞ ഡിസംബർ 18 വരെ നീട്ടി

ഇലവുങ്കൽ മുതൽ സന്നിധാനം വരെ പ്രഖ്യാപിച്ചിരുന്ന നിരോധനാജ്ഞ ഡിസംബർ 18ന് അർധരാത്രി വരെ നീട്ടി ജില്ലാ മജിസ്ട്രേട്ടും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഉത്തരവായി. ഡിസംബർ 16ന് അർധരാത്രി മുതൽ ഡിസംബർ 18ന് അർധരാത്രി വരെ ഉത്തരവിന് പ്രാബല്യമു ്.

ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമസമാധാനം നിലനിർത്തി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും പൊതുമുതൽ സംരക്ഷിക്കുന്നതിനുമാണ് നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുള്ളത്. പമ്പാ പോലീസ് സ്റ്റേഷൻ പരിധിയിൽ ഇലവുങ്കൽ മുതൽ സന്നിധാനം വരെ എല്ലാ പ്രദേശങ്ങളിലും മുഴുവൻ റോഡുകളിലും ഉപറോഡുകളിലും നിരോധനാജ്ഞ ബാധകമാണ്.

ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള പ്രദേശങ്ങളിൽ ജനങ്ങൾ നിയമവിരുദ്ധമായി സംഘം ചേരുന്നതും പ്രകടനം, പൊതുയോഗം, വഴിതടയൽ എന്നിവ നടത്തുന്നതും നിരോധിച്ചിട്ടു ്. ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകർക്ക് സമാധാനപരമായ ദർശനം, അവരുടെ വാഹനങ്ങളുടെ സുഗമമായ സഞ്ചാരം എന്നിവ നിരോധനാജ്ഞയിൽ നിന്നും ഒഴിവാക്കിയിട്ടു ്. ഭക്തർക്ക് ഒറ്റയ്ക്കോ, സംഘമായോ ദർശനത്തിന് എത്തുന്നതിനോ ശരണം വിളിക്കുന്നതിനോ,

നാമജപം നടത്തുന്നതിനോ ഈ ഉത്തരവു മൂലം യാതൊരു തടസും ഇല്ല.

ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെയും ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലും തുലാമാസ പൂജാ സമയത്തും ചിത്തിര ആട്ട വിശേഷ സമയത്തും മണ്ഡല മകരവിളക്കിനായി നട തുറന്നതു മുതലുള്ള ക്രമസമാധാന ലംഘനത്തിന്റെയും അക്രമസംഭവങ്ങളുടെയും അടിസ്ഥാനത്തിലും സ്ഥലത്തെ സംഘർഷ സാധ്യത നേരിൽ ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലാണ് ക്രിമിനൽ നടപടിക്രമം വകുപ്പ് 144 പ്രകാരം ജില്ലാ മജിസ്ട്രേട്ടായ ജില്ലാ കളക്ടർ നിരോധനാജ്ഞ നീട്ടിയത്.

ക്രമസമാധാനം നിലനിർത്തുന്നതിന് മുൻകരുതലായി നിരോധനാജ്ഞയുടെ തൽസ്ഥിതി തുടരാവുന്നതാണെന്ന് ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേട്ടും റിപ്പോർട്ട് നൽകി. ജില്ലയിൽ ശബരിമല യുവതി പ്രവേശനവുമായി ബന്ധപ്പെട്ട് വിവിധ അക്രമ സംഭവങ്ങളിൽ ഇതുവരെ 99 കേസുകൾ രജിസ്റ്റർ ചെയ്തിട്ടു ്. അതീവ സുരക്ഷാ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള ശബരിമലയിൽ പ്രതിഷേധക്കാർ പല ഭാഗങ്ങളിൽ കേന്ദ്രീകരിക്കാൻ സാധ്യതയുള്ളതും ജനങ്ങളുടെയും തീർഥാടകരുടെയും ഇടയിൽ നുഴഞ്ഞു കയറി പലതരത്തിലുള്ള അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സാധ്യത ഉള്ള സാഹചര്യത്തിൽ ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള സ്ഥലങ്ങളിൽ ക്രിമിനൽ നടപടിക്രമം വകുപ്പ് 144 പ്രകാരം ജനുവരി 14ന് അർധരാത്രി വരെ നിരോധനാജ്ഞ ദീർഘിപ്പിക്കണമെന്ന് ജില്ലാ പോലീസ് മേധാവിയും റിപ്പോർട്ട് നൽകിയിരുന്നു.

(പി.ആർ. ശബരി-315)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.